"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. കെ .ചന്ദ്രശേഖരൻ നായർ എന്നയാൾക്ക് ചികിത്സ ഇനത്തിൽ ചെലവായ തുക തനതു ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3110/2025/LSGD തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:-

1. വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.08.2025 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 4(1)-ാം നമ്പർ തീരുമാനം.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.10.2025 തീയതിയിലെ LSGD/PD/30773/2025-EER2 നമ്പർ കത്ത്.

വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. കെ .ചന്ദ്രശേഖരൻ നായർ എന്നയാൾക്ക് കിഡ്നി സ്റ്റോൺ സംബന്ധമായ അസുഖത്തിന്റെ ചികിത്സക്ക് വേണ്ടി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സ് ഹോസ്പിറ്റലിൽ ചെലവായ തുകയായ 2,11,013/-(രണ്ടു ലക്ഷത്തി പതിനൊന്നായിരത്തി പതിമൂന്ന് രൂപ മാത്രം) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. പി.കെ.ചന്ദ്രശേഖരൻ നായർ എന്നയാൾക്ക് ചികിത്സ നടത്തിയ ഇനത്തിൽ അനുവദനീയ തുകയുടെ 70% തുകയായ 147,709/-രൂപ (ഒരു ലക്ഷത്തി നാൽപത്തി ഏഴായിരത്തി എഴുനൂറ്റി ഒൻപത് രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം

പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് /സെക്രട്ടറി, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/202/2025-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 06-01-2026 10:45:44
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.